# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1922 | 06/07/2015 ൽ മറുപടിക്ക് |
|---|---|

## ബാർ കോഴയിലെ വിജിലൻസ് അന്വേഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | യു.ഡി.എഫ്.സർക്കാരിലെ പലർക്കുമായി 24 കോടി രൂപ കൈക്കൂലി നൽകിയിട്ടുണ്ടെന്നും ഒരു മന്ത്രി നിർദ്ദേശിച്ചവർക്കെല്ലാം പണം നൽകിയിട്ടുണ്ടെന്നും ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് പരസ്യമായി വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരമൊരു ആരോപണം വിജിലൻസ് അന്വേഷിക്കുന്നില്ല. |
| (ബി) | ബാർ കോഴ സംബന്ധിച്ച് അന്വേഷണം നടത്തുന്ന വിജിലൻസ് സംഘം ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത വി.സി.6/2014/എസ്.ഐ.യു-1 എന്ന കേസന്വേഷണത്തിൽ ശ്രീ.കെ.എം.മാണി ഒരു കോടി രൂപ ബാറുടമകളിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബു ബാർ ഉടമകളിൽ നിന്നും 10 കോടി രൂപ വാങ്ങിയെന്ന ശ്രീ.ബിജു രമേശിന്റെ ആരോപണത്തിൽ ഒരു സത്വരാന്വേഷണവും നടത്തിയിട്ടുണ്ട്. |
| (സി) | പണം വാങ്ങിയവരുടെ ലിസ്റ്റ് തന്റെ കയ്യിലുണ്ടെന്ന വർക്കിംഗ് പ്രസിഡന്റിന്റെ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ അതു സംബന്ധമായ രേഖകൾ വിജിലൻസ് സംഘം പിടിച്ചെടുക്കുകയുണ്ടായോ; | (സി) | പണം വാങ്ങിയവരുടെ ലിസ്റ്റുള്ളതായി വർക്കിങ്ങ് പ്രസിഡന്റ് അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ വെളിപ്പെടുത്തിയിട്ടില്ല. |
| (ഡി) | ബാർ കോഴ ഇടപാടുകളുമായി ബന്ധപ്പെട്ട് പുറത്തുവന്ന വെളിപ്പെടുത്തലുകളെത്തുടർന്ന് വിജിലൻസ് സംഘം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ ? | (ഡി) | ബാർ അസോസിയേഷൻ വർക്കിങ്ങ് പ്രസിഡന്റ് ശ്രീ.ബിജു രമേശ് ഉയർത്തിയ ആരോപണങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം നടത്തി. അതിനുശേഷം മന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുകയും ചെയ്യുന്നു. വർക്കിങ്ങ് പ്രസിഡന്റ് തിരുവനന്തപുരം ജുഡീഷ്യൽ I[st] Class കോടതി മുമ്പാകെ നൽകിയ Cr.PC 164 പ്രകാരമുള്ള മൊഴിയിൽ മന്ത്രി കെ.ബാബുവിനെതിരെയുള്ള പരാമർശങ്ങളിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ